<u>**15 -ാം കേരള നിയമസഭ**</u>

<u>**3 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2338**</u> <u>**12-10-2021 - ൽ മറുപടിയ്ക്ക്**</u>

<u>**വട്ടോളി ഗവൺമെന്റ് യു.പി.സ്കൂൾ കെട്ടിടത്തിന് സാങ്കേതിക അനുമതി**</u>

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **Shri K N Balagopal**<br>**(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കിഫ്ബി ഫണ്ടിൽ ഒരു കോടി രൂപ വകയിരുത്തിയ വട്ടോളി ഗവൺമെന്റ് യു.പി. സ്കൂൾ കെട്ടിടത്തിന് സാങ്കേതിക അനുമതി ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നറിയിക്കാമോ; | (എ) | വട്ടോളി ഗവ. യു.പി. സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണത്തിന് കവറേജ് ഇഷ്യൂ നിലവിലുള്ള കാരണം സാങ്കേതിക അനുമതി കൊടുക്കുവാൻ സാധിച്ചിരുന്നില്ല എന്നും എന്നാൽ നിലവിലെ പഴക്കം ചെന്ന ഒരു കെട്ടിടം പൊളിച്ചു മാറ്റിയാൽ അനുവദനീയമായ കവറേജ് പരിധിയിൽ എത്തുമെന്നും ആകയാൽ മേൽ പ്രവൃത്തിക്ക് സാങ്കേതിക അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതായി പദ്ധതി നിർവ്വഹണ ഏജൻസിയായ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില) അറിയിച്ചിട്ടുണ്ട് . |
| (ബി) | വട്ടോളി ഗവൺമെന്റ് യു.പി സ്കൂളിൽ ആവശ്യത്തിന് ഭൗതിക സാഹചര്യം ഇല്ലാത്തതിനാൽ പ്രസ്തുത കെട്ടിട നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ? | (ബി) | കിഫ്ബിയുടെ ധനാനുമതി ലഭിച്ച പദ്ധതികളുടെ പ്രവൃത്തികൾ നടപ്പിലാക്കേണ്ടത് ഭരണവകുപ്പ് ചുമതലപ്പെടുത്തിയിട്ടുള്ള പദ്ധതി നിർവ്വഹണ ഏജൻസിയുടെ ചുമതലയാണ്. പദ്ധതിക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതായി പദ്ധതി നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ